## Weekly Devotion - January 2019

## The Inscription by the finger of the Lord

**(എഴുതുന്ന ദൈവകരം) Exodus (31:18)**

**"Hand - the instrument of instruments- is the symbol of human action"**

**(By Galen.)**




മഹാന്മാരുടെ വിരലുകൾ ചലിക്കുമ്പോഴുണ്ടാകുന്ന വാക്കുകൾ വിലയേറിയതാണ്. അവർ എഴുതിയ കവിതകൾ, നാടകങ്ങൾ, നിയമങ്ങൾ, നിർദ്ദേശങ്ങൾ ഇവ വിലമതിക്കുവാൻ കഴിയുകയില്ല. മഹാത്മാഗാന്ധി, നെഹ്റു, ഏബ്രഹാം ലിങ്കൺ, ഐൻസ്റ്റീൻ തുടങ്ങിയ പ്രഗത്ഭർ എഴുതിയ എഴുത്തുകൾ ഇവ ഇന്നും മ്യൂസിയങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവർ എഴുതിയ ഭൗതീക കാര്യങ്ങൾക്ക് ഇത്രയും വിലയുണ്ടെങ്കിൽ ഒരു വ്യക്തിയുടെ ആത്മീക ജീവിതം വിലയുള്ളതാക്കുവാൻ നിയമസംഹിത എഴുതിയകരം എത്ര മഹത്വമുള്ളതാണ് എന്ന് മനസ്സിലാക്കുക. ആത്മാവിന്റെ വില കെടുത്തികളയാതിരിപ്പാൻ ദൈവം തന്നെ എഴുതി നൽകിയതാണ് ഈ പ്രമാണങ്ങൾ.

ദൈവത്തിന് എഴുതുവാൻ കഴിയുമോ? എന്തിന് എഴുതുന്നു? എങ്ങനെ എഴുതുന്നു? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ ചോദിക്കുന്നവരുണ്ട് "Look at the nature's beauty it is the hand writing of God" എന്ന ആപ്തവാക്യമാണ് മുകളിൽ എഴുതിയ ചോദ്യങ്ങളുടെ ഉത്തരം. സങ്കീ:(8:3) ൽ സങ്കീർത്തനക്കാരൻ പറയുന്നതും ദൈവീക വിരലുകളെപ്പറ്റിയാണ്. ദൈവം തിരഞ്ഞെടുത്ത ജനമായ യിസ്രായേൽ മക്കൾ അനുഷ്ഠിക്കേണ്ടതും, അനുസരിക്കേണ്ടതുമായ കല്പനകൾ രണ്ട് കല്പലകകളിൽ എഴുതി ദൈവം മോശയുടെ കൈകളിൽ ഏല്പിച്ചു.

Read പുറ :(31:18), (32:15,16) വാമൊഴിയായി പുറത്തു വരുന്ന വാക്കുകൾ മറക്കുകയോ ഇല്ലാതാകുകയോ ചെയ്യുന്നു. എന്നാൽ വരമൊഴി ഒരിക്കലും നഷ്ടമാകുകയില്ല എന്നതിന്റെ ഉദാഹരണമാണ് വിവിധ മണ്ഡലങ്ങളിലെ പ്രഗത്ഭമതികളെപ്പറ്റി ആദ്യം പരാമർശിച്ച കാര്യങ്ങൾ. എന്നാൽ സ്വന്ത വിരലുകളാൽ കർത്താവ് കല്പലകയിൽ എഴുതിയത് പഴയപുതിയനിയമ ക്രിസ്ത്യാനികൾ കേൾക്കുകയും പഠിക്കുകയും, അനുസരിക്കുകയും, പ്രമാണിക്കുകയും ചെയ്യേണ്ടതിനു തന്നെയാണ്. (ആവ:5:1) കല്പലകയിൽ എഴുതിയ വചനങ്ങൾ മേഘം, തീ, അന്ധകാരം ഇവയുടെ നടുവിൽ നിന്ന് ജനം കേൾക്കെ ഉറച്ചു പറയുകയും ചെയ്തു. (ആവ

5:22) യഹോവയുടെ വിരലുകളാൽ എഴുതിത്തന്ന കല്പനകൾ അനുസരിച്ചാൽ നമ്മുടെ തലമുറകളും അനുഗ്രഹിക്കപ്പെടും. (ആവ:5:28)

ആദ്യ കൈയ്യക്ഷരം കല്പലകയിലായിരുന്നു എങ്കിൽ അടുത്ത എഴുത്ത് ഭിത്തിമേൽ ആയിരുന്നു. (ദാനി :5:5) ബാബിലോണിലെ വിഗ്രഹദേവന്മാരെ സ്തുതിക്കുന്നതിന് അഹങ്കാരത്താൽ നിഗളിയായ ബെൽശ്ശസർ രാജാവ് യെറുശലേം ദേവാലയത്തിലുപയോഗിച്ച പാത്രങ്ങൾ കൊണ്ടുവന്ന് തന്റെ മഹത്തുക്കൾക്കായി രാജാവ് വിരുന്ന് നടത്തി. ഏകസത്യ ദൈവത്തോടു കാട്ടിയ അനാദരവ് അവരുടെ മേൽ ന്യായവിധി വരുത്തി. സത്യം അറിഞ്ഞിട്ടും തെറ്റ് ചെയ്യുന്നവർക്ക് നീക്കുപോക്കുണ്ടാകുന്നില്ല. തെറ്റ് ചെയ്ത ക്ഷണത്തിൽ തന്നെയാണ് വിളക്കിനു നേരെയുള്ള ഭിത്തിയിൽ എഴുതുന്ന കൈപ്പത്തികൾ കണ്ടത്. എഴുതിയ വാചകവും അതിന്റെ വിവരണവും മുൻപേ തന്നെ ദാനിയേലിന് ദൈവം വെളിപ്പെടുത്തിയിരുന്നു. (ദാനി :5:22-30)

ഭൂഗർഭശാസ്ത്രജ്ഞന്മാർ അവരുടെ ഗവേഷണങ്ങൾക്കിയിൽ ബാബിലോനിയൻ കൊട്ടാരവും അതിലെ 150 അടി നീളവും 50 അടി വീതിയുമുള്ള ഒരു മുറി കണ്ടെത്തി. ആ മുറിയുടെ ഭിത്തികളിൽ ഒന്നിന്മേൽ മാത്രം നീലവർണ്ണത്തിലുള്ള ചിത്രണം കാണപ്പെട്ടു. മറ്റ് മൂന്ന് ഭിത്തികളിലും വെള്ളക്കുമ്മായമാണ് തേച്ചിരുന്നത്. ആ മുറിയ്ക്കാണ് (സിംഹാസന മുറി) എന്ന് വിളിച്ചിരുന്നത്. ദാനി :(5:1,5)

പത്തു കല്പനകളും, ബെൽഗസ്സറിനുള്ള ന്യായവിധിയും എഴുതിയ ദൈവത്തിന്റെ ഓമനപ്പുത്രനും തന്റെ വിരലുകൾ കൊണ്ട് നിലത്തെഴുതിയതായി തിരുവചനം സാക്ഷിക്കുന്നു. (യോഹ :8:4-8) ആ എഴുത്ത് പാപിനിയായ ഒരു സ്ത്രീയെ മരണത്തിൽ നിന്ന് വിമോചിപ്പിച്ച പാപിയോടുള്ള സ്നേഹത്തിന്റെ പ്രതികരണമായിരുന്നു. “ You will know the truth and the truth will set free”

പാപത്തിൽ നിന്ന് നമ്മെ രക്ഷിപ്പാൻ സർവ്വശക്തൻ നമുക്കു തന്ന വചനം നമ്മോടു കൂടെയുണ്ട്. അതായത് നമ്മോടുകൂടെയുള്ള വചനമാകുന്ന ക്രിസ്തു നമുക്കു തന്ന വചനം ഹൃദയത്തിന്റെ മാംസപ്പലകയിൽ എഴുതി അനുഗ്രഹീതരാകുവാൻ ദൈവം കൃപചെയ്യട്ടെ.

God bless you

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind